കാസർഗോഡ്, ഹോസ്ദുർഗ്ഗ് എന്നീ താലൂക്ക് ആഫീസ് കോമ്പൗണ്ടുകളിൽ മിനി സിവിൽ സ്റ്റേഷനുകളുടെ നിർമ്മാണത്തിന് അനുമതി നൽകുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

സർക്കാർ പരിഗണനയിലില്ല.

കേരള ഹൗസിംഗ്ബോർഡിന്റെ ധനവിനിയോഗം സംബന്ധിച്ച റിപ്പോർട്ട്

40 [5682] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ 1998-99-ലെ ധനവിനിയോഗത്തിൽ മതിയായ രേഖകളില്ല എന്നുള്ള എ. ജി. യുടെ റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ട് സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) അന്വേഷണം നടത്തിയിട്ടില്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് സംബന്ധിച്ച് അന്വേഷണം നടത്താൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) (എ) യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) (എ) യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

വിഭവസമാഹരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പരിപാടികൾ

41 [5686] ശ്രീ. ടി. കെ. ദേവകുമാർ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വിഭവസമാഹരണത്തിനായി നടപ്പുവർഷം ആവിഷ്കരിച്ചിട്ടുള്ള പരിപാടികൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly